# Malayala Manorama

## 27 August 2018

## Chendamangalam, After Flood, Handloom  Industry

# ഇഴപൊട്ടി ചേന്ദമംഗലം കൈത്തറി

ചെറിയാൻ ജോസ്

പ്രളയത്തിൽ കൈത്തറി മേഖലയ്ക്കു വൻ നാശനഷ്ടം. താ
ലൂക്കിലെ സംഘങ്ങൾക്കും യാൺ ബാങ്കിനും തൊഴിലാളി
കൾക്കുമായി 15 കോടിയുടെ നഷ്ടമുണ്ടായതായാണു വിലയിരു
ത്തൽ. താലൂക്കിലെ അഞ്ചു കൈത്തറി സംഘങ്ങളിൽ മൂന്നെണ്ണം
നാമാവശേഷമായി. പേരുകേട്ട ചേന്ദമംഗലം കൈത്തറിയുടെ നി
ലനിൽപു പ്രതിസന്ധിയിലാണ്.

കരിമ്പാടത്തുള്ള എച്ച്- 47, എച്ച്- 91, കുര്യാപ്പിള്ളിയിലെ 3476
എന്നീ സംഘങ്ങളിൽ വലിയ നാശനഷ്ടമുണ്ടായി. മറ്റു രണ്ടു സം
ഘങ്ങൾ ഭാഗികമായി നശിച്ചു. എല്ലാ സംഘങ്ങളിലും പ്രളയജ
ലം ഇരച്ചുകയറി. ലക്ഷക്കണക്കിനു രൂപയുടെ ഉൽപന്നങ്ങൾ, തറി
കൾ, ഫർണീച്ചറുകൾ, നൂൽ അടക്കമുള്ള വസ്തുക്കൾ എന്നിവ
നശിച്ചു. യാൺ ബാങ്കിന്റെ കരിമ്പാടത്തു പ്രവർത്തിക്കുന്ന ഗോ
ഡൗണിൽ 50 ലക്ഷം രൂപയുടെ നൂൽ നശിച്ചു.

കൈത്തറി ഉൽപന്നങ്ങൾ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന
ത് ഓണക്കാലത്താണ്. ഓണം ലക്ഷ്യമിട്ടു സംഘങ്ങൾ നിർമിച്ച
ലക്ഷങ്ങളുടെ ഉൽപന്നങ്ങൾ വെള്ളത്തിൽ മുങ്ങി ഉപയോഗശൂന്യ
മായി. സർക്കാരിന്റെ സ്കൂൾ യൂണിഫോം പദ്ധതിക്കായി തയാറാ
ക്കിയ ഉൽപന്നങ്ങളും നശിച്ചു. നെയ്ത്ത് പൂർണമായി സ്തംഭിച്ചി
രിക്കുകയാണ്. വീടുകളിൽ തറികൾ തയാറാക്കി ഒട്ടേറെ സ്ത്രീ
കൾ കൈത്തറി വസ്ത്രങ്ങൾ നെയ്തിരുന്നു. പലരുടെയും ഉപജീ
വനമാർഗമായിരുന്നു ഇത്. വെള്ളപ്പൊക്കം അനേകം കുടുംബങ്ങ
ളുടെ വരുമാനം ഇല്ലാതാക്കി.

കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനായി സർക്കാർ
സ്കൂൾ യൂണിഫോം പദ്ധതി ആവിഷ്കരിച്ചതു കൈത്തറിമേഖ
ലയ്ക്കു പുത്തൻ ഉണർവു നൽകിയിരുന്നു. ഈ പരമ്പരാഗത മേ
ഖലയിൽ നിന്ന് അകന്നുപോയ അനേകം തൊഴിലാളികൾ തിരി
ച്ചെത്തി. 150 രൂപ മാത്രം കൂലി ഉണ്ടായിരുന്ന തൊഴിലാളികൾക്കു
പദ്ധതി പ്രകാരം 600 രൂപ കൂലി ലഭിച്ചു. തൊഴിലും വരുമാനവും
വർദ്ധിച്ചതോടെ യൂണിഫോം തുണിത്തരങ്ങൾ ഉൽപാദിപ്പിക്കാൻ
കൈത്തറി സംഘങ്ങൾക്കു താൽപര്യമായിരുന്നു.

സർക്കാർ നെയ്ത്തിന് ആവശ്യമായ വസ്തുക്കൾ നൽകുക
യും ഉൽപന്നം ഏറ്റെടുക്കുകയും ചെയ്തിരുന്നു. പദ്ധതിക്കായി
കൈത്തറി സംഘങ്ങൾ ഒട്ടേറെ പണം ചെലവാക്കി തറികളിൽ
ആവശ്യമായ മാറ്റങ്ങൾ വരുത്തി. പക്ഷെ, അപ്രതീക്ഷിതമായി
ഉണ്ടായ വെള്ളപ്പൊക്കം തൊഴിലാളികളെയും സംഘങ്ങളെയും
ദുരിതത്തിലാക്കിയിരിക്കുകയാണ്. മേഖല തകർന്നു പോകാതെ
നിലനിർത്താൻ സർക്കാർ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്ക
ണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്.



കൈത്തറി സംഘത്തിലെ തറികൾ വെള്ളം കയറി നശിച്ച നിലയിൽ.